നം. എം.3/270635/2021/ഡിജിഇ

പൊതുവിദ്യാഭ്യാസഡയറക്ടറുടെകാര്യാലയം
തിരുവനന്തപുരം, തീയതി31/08/2021

## സർക്കുലർ

വിഷയം: കേരളസ്റ്റേറ്റ് ഭാരത്സ്കൗട്സ്ഗൈഡ്സ്- വിഷൻ 2021-26 പദ്ധതി വിജയിപ്പിക്കുന്നതിനാവശ്യമായസഹായങ്ങൾ ചെയ്യുന്നത്- സംബന്ധിച്ച്

സൂചന: കേരളസ്റ്റേറ്റ് ഭാരത്സ്കൗട്സ്ഗൈഡ്സ്സംസ്ഥാന സെക്രട്ടറിയുടെ ഇ-1544/2021/കെഎസ്ബിഎസ്ജിതീയതി 24/8/2021 നമ്പർ കത്ത്

കേരളവിദ്യാഭ്യാസ നിയമംചാപ്റ്റർ 8 റൂൾ (10)സ്ബറൂൾ (1) പ്രകാരംസംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന പ്രധാന പാഠാനുബന്ധ പ്രവർത്തനമാണ്കേരളസ്റ്റേറ്റ് ഭാരത്സ്കൗട്സ്ഗൈഡ്സ്. പൊതുവിദ്യാഭ്യാസഡയറക്ടർസ്റ്റേറ്റ്ചീഫ് കമ്മീഷണറും ജില്ലാവിദ്യാഭ്യാസഡയറക്ടർമാർജില്ലാചീഫ്കമ്മീഷണറുമായാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്.

കേരളസ്റ്റേറ്റ് ഭാരത്സ്കൗട്സ്ഗൈഡ്സിന്റെവ്യാപനവുംദൃശ്യപരതയുംവർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിഷൻ 2021-26 എന്ന വിപുലമായ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവെന്നും ആയതിന് വിവിധ തലങ്ങളിലെവിദ്യാഭ്യാസവകുപ്പ് അധികൃതരുടെസഹായംഉണ്ടാവുന്നതിന് നിർദ്ദേശിക്കണമെന്നുംമേൽസൂചന പ്രകാരംകേരളസ്റ്റേറ്റ് ഭാരത്സ്കൗട്സ്ഗൈഡ്സ്റ്റേറ്റ്സെക്രട്ടറിഅഭ്യർത്ഥിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പാവപ്പെട്ട കുട്ടികൾക്ക്വീടുവച്ച് നൽകാൻ ഉദ്ദേശിച്ചുള്ളസ്നേഹഭവനം പദ്ധതി, ഓൺലൈൻ പഠനസൗകര്യംലഭ്യമല്ലാത്ത കുട്ടികളെസഹായിക്കാൻ സർക്കാർആരംഭിച്ച വിദ്യാകിരൺ പദ്ധതിയിലേക്കുള്ളസഹായധനം, വീട്ടിൽഒരുകൊച്ചുലൈബ്രറി, വീട്ടിലെകൃഷിത്തോട്ടം, ജൈവവൈവിധ്യ പാർക്ക്, വീട്ടിലെ പൂന്തോട്ടം, രക്തദാനം ജീവദാനം, ശുചിത്വ-സുന്ദര കേരളം പദ്ധതി, മാനസിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കുട്ടികൾക്കുള്ളകൗൺസലിംഗ് പരിപാടി, യൂട്യൂബ്-ഫേസ് ബുക്ക് ചാനൽ തുടങ്ങിവിപുലമായ ഉപ പദ്ധതികളാണ് ഇതിലൂടെ നടപ്പാക്കാൻ സ്കൗട്സ്ഗൈഡ്സ്ഉദ്ദേശിക്കുന്നത്.

സെപ്തംബർ 1ന് ബുധനാഴ്ചരാവിലെ 9.30 ന് ഫേസ്ബുക്ക് പേജ്, യൂട്യൂബ് ചാനൽ എന്നിവ പൊതുവിദ്യാഭ്യാസഡയറക്ടർഉദ്ഘാടനം ചെയ്യുകയാണ്. വിദ്യാർത്ഥികൾക്കുംരക്ഷിതാക്കൾക്കുമുള്ളകൗൺലിലിംഗ് ക്ലാസുംതുടർന്ന് നടക്കുന്നതാണ്. ആയതിനാൽസംസ്ഥാനത്തെ എല്ലാവിദ്യാലയങ്ങളിലെയുംവിദ്യാർത്ഥികൾക്കുംരക്ഷിതാക്കൾക്കും പ്രസ്തുത പരിപാടിലഭിക്കുന്നതിനാവശ്യമായരീതിയിൽവിദ്യാലയങ്ങളിലെ ക്ലാസ് ഗ്രൂപ്പുകളിലേക്ക് പരിപാടിയുടെലിങ്ക് പോസ്റ്റ്ചെയ്യേണ്ടതാണ്.

മേൽ പദ്ധതികളുടെ വിജകരമായ നടത്തിപ്പിനുള്ളസഹായസഹകരണങ്ങൾ ഡിഇഒമാരും ഉപജില്ലാവിദ്യാഭ്യാസഓഫീസർമാരുംഹെഡ്മാസ്റ്റർമാരുംചെയ്തുതൽകേണ്ടതാണെന്നുംഅറിയിക്കുന്നു.

പൊതുവിദ്യാഭ്യാസഡയറക്ടർ

സ്വീകർത്താവ്,

എല്ലാഡിഡിഇ മാർക്കും
എല്ലാഡിഇഒമാർക്കും
എല്ലാ ഉപജില്ലാഡയറക്ടർമാർക്കും
എല്ലാഹെഡ്മാസ്റ്റർമാർക്കും

പകർപ്പ്

സ്റ്റേറ്റ്സെക്രട്ടറി, കേരളസ്റ്റേറ്റ് ഭാരത്സ്കൗട്സ്ഗൈഡ്സ്